# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2651 — 19.12.2012ൽ മറുപടിയ്ക്ക്

## തിരുവല്ലത്തെ ബലിതർപ്പണ കടവിന്റെ ശുചീകരണം

ചോദ്യം : ശ്രീ. വി. ശിവൻകുട്ടി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) നേമം നിയോജകമണ്ഡലത്തിലെ തിരുവല്ലം പരശുരാമ ക്ഷേത്രത്തിനു സമീപത്തുകൂടെ ഒഴുകുന്ന കരമനകിള്ളിയാറിൽ ഉള്ള, ബലിതർപ്പണം നടത്തുന്ന കടവ് ശുചീകരിക്കുന്നതിനായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) തിരുവല്ലം പരശുരാമ ക്ഷേത്ര ബലിക്കടവിലുള്ള വെന്റഡ് ക്രോസ് ബാറിന്റെ പ്രവർത്തനം സുഗമമാക്കുന്നതിലേക്ക് ആവശ്യമുള്ള ആളുകളെ ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ സ്ഥിതി തുടർന്നു വരുന്നു. കൂടാതെ തിരുവല്ലം തോടിന്റെ തുടക്കത്തിലുണ്ടായിരുന്ന ഒഴുക്കിന് തടസ്സമായി നിന്നിരുന്ന പാറകൾ തോട്ടിലെ തുടക്കം-ഒടുക്കം ഭാഗങ്ങളിലെ ചെളി എന്നിവ തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ക്ഷേത്രത്തിനടുത്തുള്ള പാർവ്വതീപുത്തനാർ ശുചീകരിക്കുന്നതിനായി കൈക്കൊണ്ട നടപടി എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ? | (ബി) കർക്കിടക വാവ് ബലിതർപ്പണത്തോട് അനുബന്ധിച്ച് ഉൾനാടൻ ജലഗതാഗത വിഭാഗം പാർവ്വതീപുത്തനാറിൽ താഴെപറയുന്ന പണികൾ ഏറ്റെടുത്ത് നടത്തി.<br>1. തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെ കർക്കിടക വാവ് ബലിയുമായി ബന്ധപ്പെട്ട് പാർവ്വതീപുത്തനാറിന്റെ കുന്നുമണലിനും പൂന്തുറ പൊഴിക്കും ഇടയിൽ 300 മീറ്റർ നീളത്തിൽ വൃത്തിയാക്കൽ - പൂർത്തിയാക്കി.<br>2. തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെ കർക്കിടക വാവ് ബലിയുമായി ബന്ധപ്പെട്ട് പാർവ്വതീപുത്തനാറിന്റെ മുന്നാറ്റ് മുക്ക് മുതൽ പൂന്തുറ വരെ 300 മീറ്റർ നീളത്തിൽ വൃത്തിയാക്കൽ - ആവശ്യാനുസരണം പൂർത്തിയാക്കി. |

3.തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെ കർക്കിടക വാവ് ബലിയുമായി ബന്ധപ്പെട്ട് പാർവ്വതീ പുത്തനാറിന്റെ മുന്നാറ്റ് മുക്ക് മുതൽ തിരുവല്ലം വരെയുള്ള ലിങ്ക് കനാൽ 300 മീറ്റർ നീളത്തിൽ വൃത്തിയാക്കൽ

- ആവശ്യാനുസരണം പൂർത്തിയാക്കി.

ഇവ കൂടാതെ പാർവ്വതീപുത്തനാറിന്റെ ശുചീകരണം (കുളവാഴയും പായലും നീക്കം ചെയ്യൽ) പുരോഗമിക്കുന്നു. പണി പൂർത്തിയായതിന് ശേഷം 2 മാസത്തിലൊരിക്കലായി 6 പ്രാവശ്യം ശുചീകരണ പണികൾ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ